REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 08-07-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- വയനാട് കള്ളാടി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രി VD സതീശൻ അഞ്ച് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു.
- കാണാതായവർക്കായി തെരച്ചിൽ തുടരുന്നു. മുഖ്യമന്ത്രി അല്പസമയത്തിനകം സ്ഥലം സന്ദർശിക്കും.
- ബ്രിക്സ് വനിതാ മന്ത്രി തല യോഗത്തിന് കൊച്ചിയിൽ തുടക്കമായി.
- ശക്തമായ മഴയെ തുടർന്ന് ഇന്ന് ആറു ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും.
- ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ ചിത്രം തെളിഞ്ഞു.

## വാർത്തകൾ വിശദമായി

**വയനാട് കള്ളാടി തുരങ്കപാത സ്ഥലത്തെ മണ്ണിടിച്ചിൽ ദുരന്തത്തിനിടയാക്കിയ കാര്യങ്ങൾ അന്വേഷിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചെന്ന് മുഖ്യമന്ത്രി VD സതീശൻ അറിയിച്ചു. കേന്ദ്ര ഗവണ്മെന്റ് നൽകിയ പാരിസ്ഥിതികാനുമതി സംബന്ധിച്ച സുരക്ഷാ നിർദ്ദേശങ്ങൾ, കരാർ കമ്പനി പാലിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കുമെന്നും മന്ത്രിസഭാ യോഗത്തിനു ശേഷം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.**

**കള്ളാടി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.**

മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ നടപടികൾ സ്വീകരിക്കും. പരിസ്ഥിതി ലോല പ്രദേശമായ വയനാട്ടിൽ തുരങ്കപാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ പഠനങ്ങൾ നടത്തേണ്ടതായിരുന്നുവെന്ന് VD സതീശൻ അഭിപ്രായപ്പെട്ടു.

PSC ക്രമക്കേട് സംബന്ധിച്ച ആരോപണം ക്രൈംബ്രാഞ്ച് അന്വേഷിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഇന്റർവ്യൂവിൽ മാർക്ക് കൂട്ടിക്കൊടുത്തത് അടക്കം കാര്യങ്ങൾ അന്വേഷണത്തിന്റെ ഭാഗമാണെന്നും VD സതീശൻ പറഞ്ഞു.

വിഴിഞ്ഞം തുറമുഖത്തിന്റെ ഓഹരി കൈമാറ്റം നടത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിക്ക് ഓഹരി കൈമാറിയെന്നത് മാധ്യമങ്ങൾ തെറ്റായി റിപ്പോർട്ട് ചെയ്യുകയായിരുന്നുവെന്നും, വിഴിഞ്ഞത്തിന്റെ താൽപ്പര്യങ്ങൾ സംസ്ഥാന ഗവണ്മെന്റ് ബലികഴിക്കില്ലെന്നും വി ഡി സതീശൻ അറിയിച്ചു.

ചീഫ് സെക്രട്ടറി അധ്യക്ഷനായ എംപവേർഡ് കമ്മറ്റിയെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പഠിക്കാൻ ചുമതലപ്പെടുത്തിയതായും വി ഡി സതീശൻ പറഞ്ഞു. സംസ്ഥാന ഗവണ്മെന്റിന്റെ നൂറുദിന കർമ്മ പരിപാടിയ്ക്ക് പ്രോഗ്രാം മാനേജ്മെന്റ് കോഡിനേഷന് രൂപം നൽകുമെന്നും വി ഡി സതീശൻ വ്യക്തമാക്കി.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ മുഖ്യമന്ത്രി വി.ഡി സതീശനുമായി ഫോണിൽ സംസാരിച്ചു. ദുരന്തത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞ കേന്ദ്രമന്ത്രി എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. കേരളം ഇതുവരെ നടത്തിയ പ്രവർത്തനങ്ങളിൽ അമിത്ഷാ തൃപ്തി അറിയിച്ചു. സംഭവത്തെ കുറിച്ച് ഉന്നതതല അന്വേഷണം നടത്തണമെന്നും അമിത് ഷാ മുഖ്യമന്ത്രിയോട് നിർദ്ദേശിച്ചു.

മുഖ്യമന്ത്രി VD സതീശൻ ദുരന്ത മേഖല അല്പസമയത്തിനകം സന്ദർശിക്കും. തിരുവനന്തപുരത്ത് നിന്നും ഹെലികോപ്റ്ററിലാണ് മുഖ്യമന്ത്രി എത്തുക.

✪✪✪

വയനാട് കള്ളാടി തുരങ്കപാതയ്ക്ക് സമീപം മണ്ണിടിച്ചിലിൽ കാണാതായ അഞ്ചുപേർക്കായി തിരച്ചിൽ രണ്ടാംദിവസമായ ഇന്നും ഊർജ്ജിതമായി

തുടരുന്നു. NDRF, അഗ്നി സുരക്ഷാ സേന, പൊലീസ്, സന്നദ്ധ സേനാംഗങ്ങൾ, നാട്ടുകാർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് തിരച്ചിൽ. കിടാവർ നായ്ക്കളും തിരച്ചിലിനുണ്ട്. കനത്ത മഴ തിരച്ചിലിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് കളക്ടർ ഡി ആർ മേഘശ്രീ പറഞ്ഞു.

ഇന്നലെ രാവിലെ ഉണ്ടായ മണ്ണിടിച്ചിലിൽ മൂന്ന് മരണമാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. തുരങ്കപാത നിർമ്മാണ തൊഴിലാളികളായ ഇതര സംസ്ഥാനക്കാരാണ് മരിച്ചത്.

മേപ്പാടി പോളി ടെക്നിക്കിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് പ്രദേശത്തെ 42 കുടുംബങ്ങളിലെ 142 പേരെ മാറ്റി പാർപ്പിച്ചു.

✪✪✪

വയനാട് കള്ളാടി മണ്ണിടിച്ചിൽ അപകടത്തിന് ഇടയാക്കിയത് പദ്ധതി നടത്തിപ്പിലെ അലംഭാവമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. മുൻ ഗവണ്മെന്റിന്റെ കാലത്ത് തുടങ്ങിയ പദ്ധതിയിൽ, നിലവിലെ ഗവണ്മെന്റിനും ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പ്രതികരിച്ചു. അലംഭാവം ആരുടെ ഭാഗത്ത് നിന്നാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്നും സുരേഷ്ഗോപി ആവശ്യപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ, പ്രധാനമന്ത്രി ഇന്ന് മെൽബണിൽ എത്തും. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസിനൊപ്പം മൂന്നാമത് ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ നരേന്ദ്രമോദി പങ്കെടുക്കും. ഇന്ത്യ-ഓസ്ട്രേലിയ CEO ഫോറത്തിലും പങ്കെടുക്കുന്ന പ്രധാനമന്ത്രി ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും.

✪✪✪

ബ്രിക്സ് വനിതാ മന്ത്രി തല യോഗത്തിന് കൊച്ചിയിൽ തുടക്കമായി. രണ്ടുദിവസത്തെ യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്ന പൂർണ ദേവി, കേന്ദ്രസഹ മന്ത്രി സാവിത്രി താക്കൂർ, മന്ത്രി ബിന്ദു കൃഷ്ണ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. സംയുക്ത പ്രഖ്യാപനത്തിന്റെ കരട് രൂപത്തിന്മേൽ വിവിധ രാജ്യങ്ങളിലെ മന്ത്രിമാർ ഇന്ന് ചർച്ച നടത്തും. സമ്മേളന സമാപന ദിവസമായ നാളെ 'സംയുക്ത വനിതാ മന്ത്രിതല പ്രമേയത്തിന്റെ കരട്' അവതരിപ്പിക്കും.

✪✪✪

ഭാരതീയ വിദ്യാഭവൻ തൃശ്ശൂർ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഭവൻസ് എസ് രാമകൃഷ്ണൻ സ്മാർട്ട് സെന്റർ ഓഫ് എക്സലൻസ് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി അദ്ധ്യാപക പരിശീലനവും വിദ്യാഭ്യാസ ശാക്തീകരണവുമാണ് ട്രെയിനിംഗ് സെന്ററിന്റെ ലക്ഷ്യം.

✪✪✪

സംസ്ഥാനത്ത് ഓണപരീക്ഷാ തിയതിയിൽ മാറ്റമില്ലെന്നും നിശ്ചയിച്ച സമയത്തു തന്നെ നടത്തുമെന്നും മന്ത്രി എൻ. ഷംസുദ്ദീൻ അറിയിച്ചു. രാഷ്ട്ര പുനർനിർമാണ പ്രക്രിയയുടെ ഭാഗമായതിനാൽ സെൻസസ് പ്രവർത്തനങ്ങളിൽ അധ്യാപകർ സഹകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. സിലബസ് പൂർത്തിയാക്കാൻ സമയക്കുറവ് ചൂണ്ടിക്കാട്ടി അധ്യാപക സംഘടനകൾ ഓണപരീക്ഷ മാറ്റിവെക്കണമെന്നാവശ്യപ്പെട്ട് രംഗത്തുവന്നതിനു പിന്നാലെയാണ് മന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചത്.

✪✪✪

സംസ്ഥാനത്തെ ഫാക്ടറികളിലെ സുരക്ഷാ ഉൾപ്പടെ പരിശോധനകൾ കർശനമാക്കുമെന്ന് മന്ത്രി ബിന്ദുകൃഷ്ണ പറഞ്ഞു. തിരുവനന്തപുരത്ത് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേർന്ന ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. 2016 ജൂൺ 20ന് ശേഷം ആദ്യമായാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഉദ്യോഗസ്ഥരുടെ സംസ്ഥാനതല യോഗം ചേരുന്നതെന്ന് ജീവനക്കാർ മന്ത്രിയെ അറിയിച്ചു.

✪✪✪

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആറു ജില്ലകളിൽ ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. നേരത്തെ ഈ ജില്ലകളിൽ മഞ്ഞ ജാഗ്രത ആയിരുന്നു. പത്തനംത്തിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

നാളെ വടക്കൻ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ പഴയ മൂന്നാറിൽ മലയിടിഞ്ഞ ഭാഗത്തെ മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി ആരംഭിച്ചു. മേഖലയിൽ കനത്ത മഴ തുടരുന്നതിനാൽ അതീവ ജാഗ്രത പാലിക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർദേശം നൽകി.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.........(വോയ്സ് .........)

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിലെ ക്വാർട്ടർ ഫൈനൽ ചിത്രം തെളിഞ്ഞു. ആദ്യ ക്വാർട്ടറിൽ നിലവിലെ റണ്ണറപ്പായ ഫ്രാൻസ് മൊറോക്കോയെ നേരിടും. മറ്റന്നാൾ പുലർച്ചെ ഒന്നരക്ക് ബോസ്റ്റൺ സ്റ്റേഡിയത്തിലാണ് മത്സരം. രണ്ടാം ക്വാർട്ടറിൽ ശനിയാഴ്ച സ്പെയിൻ, ബെൽജിയവുമായും മൂന്നാം ക്വാർട്ടറിൽ ഞായറാഴ്ച നോർവെ, ഇംഗ്ലണ്ടുമായും ഏറ്റുമുട്ടും.

അർജന്റീന-സ്വിറ്റ്സർലാന്റ് നാലാം ക്വാർട്ടർ ഫൈനൽ പോരാട്ടം ഈ മാസം 12-നാണ്. സെമിഫൈനൽ മത്സരങ്ങൾ ഈ മാസം 15നും 16 നും, ലൂസേഴ്സ് ഫൈനൽ 19 നുമാണ്. 20-നാണ് കലാശ പോരാട്ടം.

✪✪✪

ആലുവ മെട്രോ സ്റ്റേഷനിൽ നിന്ന് പെരിയാർ നദിയിലൂടെ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം വരെ വാട്ടർ മെട്രോ സർവീസ് വിപുലീകരിക്കാൻ സാധ്യതാപഠന സഹകരണത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് SCMS വാട്ടർ ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം ഒപ്പുവെച്ചു.

കേരളത്തിലെ സുസ്ഥിര നഗരഗതാഗത ശൃംഖല കൂടുതൽ വിപുലപ്പെടുത്തുന്നതിന് സുപ്രധാന ചുവടുവയ്പ്പാണ് ധാരണാപത്രം.

**SCMS ഗ്രൂപ്പ് ഓഫ് എജുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ എക്സിക്യൂട്ടീവ് ചെയർമാൻ പ്രൊഫ. പ്രമോദ് തേവന്നൂരും KMRL ജനറൽ മാനേജർ (സിവിൽ) ജോ പോൾ എം.യും ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. തുടർന്ന് KMRL മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റയുടെ സാന്നിധ്യത്തിൽ ധാരണാപത്രം കൈമാറി.**

**✪✪✪**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയായി സജീവ് EP ചുമതലയേറ്റു. സെക്രട്ടേറിയറ്റ് പൊതുഭരണവകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയാണ്. മുൻപ് KSEB സെക്രട്ടറിയുടെ ചുമതലയും വഹിച്ചിരുന്നു.**

**✪✪✪**

**ഭാഗ്യക്കുറി വകുപ്പിന്റെ ഓണം ബംബർ ഒന്നാം സമ്മാന തുക വർദ്ധിപ്പിച്ചു. 25 കോടിയായിരുന്ന സമ്മാന തുക 30 കോടിയാക്കിയാണ് ഗവണ്മെന്റ് ഉത്തരവിറക്കിയത്. 50 ലക്ഷമായിരുന്ന മൂന്നാം സമ്മാനം 25 ലക്ഷമാക്കി സമ്മാനഘടനയിൽ മാറ്റം വരുത്തി. ഓണം ബംബർ ലോട്ടറി ടിക്കറ്റ് ജൂലൈ 17 - ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്യുമെന്ന് ലോട്ടറി ഡയറക്ടർ അറിയിച്ചു.**

**500 രൂപയാണ് ടിക്കറ്റ് വില. നറുക്കെടുപ്പ് സെപ്റ്റംബർ 26 നാണ്.**

**✪✪✪**

**സംസ്ഥാനത്തെ എഞ്ചിനിയറിംഗ് പ്രവേശനത്തിന് പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ഇന്ന് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. ഇതിൽ ഉൾപ്പെട്ടവർ ഈ മാസം 12നകം ഫീസ് അടച്ച് പ്രവേശനം ഉറപ്പുവരുത്തണം. ഫീസ് അടക്കാത്തവരെ ആദ്യ രണ്ട് അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല.**

**✪✪✪**

**വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കോട്ടയം ജില്ലയിൽ സ്വകാര്യ ബസ് ഉടമകൾ ആരംഭിച്ച പണിമുടക്ക് പൂർണ്ണം. സമരത്തിന്റെ ഭാഗമായി ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കോട്ടയം നാഗമ്പടം ബസ് സ്റ്റാൻഡിൽ നിന്നും കളക്ടറേറ്റിലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു.**

പ്രിയദർശിനി പദ്ധതിയുടെ ഭാഗമായി സ്വകാര്യ ബസ് മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുക, വിദ്യാർത്ഥികളുടെ സൗജന്യയാത്രാ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്.

✪✪✪

പത്തനംതിട്ടയിൽ മദ്യപിച്ച് പൊലീസ് ജീപ്പ് ഓടിച്ച് അപകടമുണ്ടാക്കിയ ഡാൻസാഫ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവിയുടേതാണ് നടപടി.

പത്തനംതിട്ട DYSP യുടെ ഡാൻസാഫ് സംഘത്തിലെ പ്രയേഷ്, സുമൻ, രാഹുൽ എന്നീ ഉദ്യോഗസ്ഥരെയാണ് സസ്പെൻഡ് ചെയ്തത്.

✪✪✪

വിഖ്യാത ഫോട്ടോഗ്രാഫർ വിക്ടർ ജോർജ് ഓർമയായിട്ട് നാളേയ്ക്ക് 25 വർഷം പൂർത്തിയാകും. ഓർമ്മ ദിനത്തോടനുബന്ധിച്ച് നാളെ രാവിലെ കോട്ടയം പ്രസ് ക്ലബിൽ അനുസ്മരണ സമ്മേളനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

പ്രസ് ക്ലബ് പുറത്തിറക്കുന്ന വിക്ടർ സ്മരണിക കവർ ചടങ്ങിൽ പ്രകാശനം ചെയ്യും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*News Team: ഫസ്ന ഫാത്തിമ, ജാസ്മി*
*DEO: ഷീബ*